പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 162

07.03.2018 ൽ
മറുപടിക്ക്

# പോലീസ് സംവിധാനത്തിലെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കൃത്യനിർവ്വഹണത്തിൽ കാർക്കശ്യം പുലർത്തുമ്പോൾത്തന്നെ പരാതിയുമായി പോലീസിനെ സമീപിക്കുന്നവർക്ക് മാന്യതയാർന്ന പെരുമാറ്റം പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) മാന്യതയാർന്ന പെരുമാറ്റം പോലീസിന്റെ ഭാഗത്തു നിന്നും ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക സർക്കുലർ പ്രകാരം സംസ്ഥാനത്തെ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പബ്ലിക്ക് റിലേഷൻസ് ഓഫീസർക്കു പുറമേ റിസപ്ഷൻ സംവിധാനം, വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) പോലീസ് സംവിധാനത്തിൽ ആധുനീകരണത്തോടൊപ്പം നവീകരണവും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) പോലീസ് സേനയുടെ ആധുനീകരണത്തോടൊപ്പം കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കംപ്യൂട്ടർവത്കരിച്ചു. ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി. ബോഡിവോൺ ക്യാമറകൾ |

വിതരണം ചെയ്തു. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി സിം ലഭ്യമാക്കി. സി.സി.റ്റി.എൻ.എസ്, എഫ്.ഐ.ആർ കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കൽ, ഇ-ബീറ്റ് സിസ്റ്റം തുടങ്ങിയ പദ്ധതികളിലൂടെയും പോലീസിന്റെ ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും ക്രമസമാധാനം, കേസ് അന്വേഷണം എന്നിവ ആകാവുന്നത്ര പോലീസ് സ്റ്റേഷനുകളിൽ വേർതിരിച്ചിട്ടുള്ളതും ആയത് തുടർന്നു വരുന്നതുമാണ്. പോലീസ് സേനാംഗങ്ങൾക്ക് കംപ്യൂട്ടറും, അനുബന്ധപഠന ക്ലാസ്സുകളും, സൈബർ സംബന്ധിച്ച അവബോധന ക്ലാസുകൾ നടത്തിയും ഡ്യൂട്ടി മാനേജ്മെന്റ് സമ്പൂർണ്ണമായി കംപ്യൂട്ടർവത്കരിക്കുന്ന - തിനും റിപ്പോർട്ട് ചെയ്ത കേസുകളുടെ വിവരങ്ങൾ ഡിജിറ്റൈസേഷൻ ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികളും നടന്നു വരുന്നു.

| | |
|---|---|
| സി) ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജനവിശ്വാസം ആർജ്ജിക്കുന്നതിന് ഭവന സന്ദർശനം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | സി) ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഭവന സന്ദർശനത്തിലൂടെ സീനിയർ സിറ്റിസൺ ആയ ആൾക്കാരെ കണ്ടെത്തി അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കി വരുന്നു. പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽപ്പെടുന്ന സ്ഥലങ്ങളെ വിവിധ ബീറ്റുകളായി തരംതിരിച്ച് പോലീസ് ഉദ്യോഗസ്ഥൻമാരെ ഓരോ ബീറ്റിലും ബീറ്റ് ഉദ്യോഗസ്ഥരായി നിയമിച്ച് ഭവന സന്ദർശനം നടത്തി വരുകയും അത് കൃത്യമായി മോണിറ്റർ ചെയ്ത് വരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളവരും മാത്രമെ പോലീസ് സേനയിൽ നിയമിതരാവുകയുള്ളൂവെന്ന് ഉറപ്പാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | ഇതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ഉദ്യോഗാർത്ഥിയുടെ നിയമനത്തിന് മുന്നോടിയായി അവരുടെ വിവരങ്ങൾ അന്വേഷിച്ച് ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമെങ്കിൽ ഇവരുടെ നിയമനം തടയുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ